**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4137</u>** **<u>28-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ ഒപ്പം പദ്ധതി</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</td><td colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഒപ്പം പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്ക് സാധനങ്ങൾ വീട്ടിൽ എത്തിച്ചു നല്കുന്നുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;</td><td>(എ)</td><td>30 ഗുണഭോക്താക്കൾ. പഞ്ചായത്ത് തിരിച്ചുള്ള എണ്ണം താഴെച്ചേർക്കുന്നു.
<table>
<tr><td>തദ്ദേശസ്വയംഭരണ സ്ഥാപനം</td><td>ഗുണഭോക്താക്കളുടെ എണ്ണം</td></tr>
<tr><td>മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്</td><td>2</td></tr>
<tr><td>തോളൂർ ഗ്രാമപഞ്ചായത്ത്</td><td>3</td></tr>
<tr><td>അവണൂർ ഗ്രാമപഞ്ചായത്ത്</td><td>3</td></tr>
<tr><td>കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്</td><td>8</td></tr>
<tr><td>വടക്കാഞ്ചേരി നഗരസഭ</td><td>12</td></tr>
<tr><td>തെക്കുംകര ഗ്രാമപഞ്ചായത്ത്</td><td>2</td></tr>
<tr><td>ആകെ</td><td>30</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>നിലവിലെ സർക്കാർ അധികാരമേറ്റശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?</td><td>(ബി)</td><td>വടക്കാഞ്ചേരി മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br><br>1. ഒപ്പം പദ്ധതി - വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീട്ടുകളിൽ എത്തിച്ചു നൽകുന്നു. പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിൽ 30 ഗുണഭോക്താക്കൾക്ക് റേഷൻവിഹിതം വീട്ടിലെത്തിച്ച് നൽകുന്നു.<br><br>2. ജനകീയ ഹോട്ടൽ - നിലവിൽ 4 ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി നൽകി വരുന്നു.<br><br>3. കെ-സ്റ്റോർ - റേഷൻകട വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് നിലവിൽ 2 റേഷൻകടകൾ കെ-സ്റ്റോറുകളായി</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്.<br><br>4. **സുജലം പദ്ധതി -** ഹില്ലി അക്വാ കുപ്പിവെള്ളം ലിറ്ററിന് 10/- രൂപ നിരക്കിൽ റേഷൻകടകൾ വഴി വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ